

# ബലൂണുകൾ

• ഹരീഷ് .ആർ. നമ്പൂതിരിപ്പാട്

ബലൂൺ കച്ചവടക്കാരനായ മുനിയാണ്ടിയുടെ കൈവശം പല നിറത്തിലും ആകൃതിയിലും വലുപ്പത്തിലുമുള്ള ബലൂണുകൾ ഉണ്ട്. ഉൽസവപ്പറമ്പിൽ വെച്ച് അവർ തമ്മിൽ തർക്കമായി.

മത്തങ്ങാ ബലൂൺ: ‘‘ഹൊ, ഞാനില്ലേൽ മുതലാളിയുടെ കച്ചവടം പൊളിഞ്ഞേനെ, ബലൂണുകളുടെ രാജാവാണ് ഞാൻ, അല്ലേ?’’

ഹൈഡ്രജൻ ബലൂൺ: ‘‘ഹോ പിന്നേ, എന്നെപ്പോലെ ഉയരത്തിൽ പറക്കാൻ മറ്റാർക്കു കഴിയും?!’’

നീളൻ ബലൂൺ: ‘‘ഹും.. നിന്നെയൊക്കെ എന്തിനു കൊള്ളാം, ഉയരത്തിന്റെ സുൽത്താനല്ലേ ഞാൻ!’’

പാവം കിലുക്കു ബലൂൺ ഇതെല്ലാം കേട്ട് മിണ്ടാതെ നിന്നു. അൽപം കഴിഞ്ഞപ്പോൾ ഒരു കുട്ടി വന്ന് നാലു ബലൂണുകളും സ്വന്തമാക്കി. പറക്കുന്ന ബലൂണുകളെ നൂലിട്ട് സൈക്കിളിൽ കെട്ടിയിട്ട് കിലുക്കു ബലൂണിനെ ഹാന്റിലിൽ ഉറപ്പിച്ചു വെച്ചു.

സൈക്കിൾ കുതിച്ചു പാഞ്ഞു. സൈക്കിളിന്റെ ചക്രത്തിലുരഞ്ഞ് മത്തങ്ങാ ബലൂൺ ഠോ എന്ന് പൊട്ടിപ്പോയി.

നൂല് പൊട്ടി പറന്നുപോയ ഹൈഡ്രജൻ ബലൂൺ ഒരു മരക്കൊമ്പിൽ തങ്ങി. അവിടെയിരുന്ന കാക്ക ബലൂൺ കൊത്തിപ്പൊട്ടിച്ചു. നിലത്തേക്കു പറന്നുവീണ നീളൻ ബലൂണിനു മുകളിൽ ഒരു വണ്ടിച്ചക്രം കയറി ആ ബലൂണും നാശമായി.

ഒടുവിൽ കിലുക്കുബലൂൺ മാത്രമായി. ആ കുട്ടി അത് തന്റെ കുഞ്ഞനുജത്തിക്ക് സമ്മാനിച്ചു. കുഞ്ഞുവാവ ബലൂണിൽ മുത്തമിട്ടു. അത് ആർത്തു ചിരിച്ചു.



▸▸ യു.എൻ പരിസ്ഥിതി പരിപാടി(UNEP)യുടെ ആസ്ഥാനം– നെയ്റോബി(കെനിയ)